# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4232

25/06/2018 – ൽ മറുപടിക്ക്

## പീരുമേട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഇ.എസ്.ഐ. ആശുപത്രികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി ഇ.എസ്.ബിജിമോൾ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | പീരുമേട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നതിലേക്ക് വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ സുഗമമായ പ്രവർത്തനത്തിന് 162 തസ്തികകൾ സൃഷ്ടിച്ചും 15.09.2017 ലെ സ.ഉ.(എം.എസ്) നം.75/2017/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ പീരുമേട് നിയോജകമണ്ഡലത്തിലെ പീരുമേട്, കമിളി എന്നീ സ്ഥലങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടത് ഇ.എസ്.ഐ കോർപ്പറേഷനാണ്. ആയതിനാൽ സംസ്ഥാന സർക്കാർ അനുമതി നൽകിയ 18 സ്ഥലങ്ങളിലും ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. നാളിതുവരെ ഇടുക്കി ജില്ലയിലെ കട്ടപ്പന, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങളിൽ രണ്ട് ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതി മാത്രമേ ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. |
| (ബി) | എത്ര കാലത്തിനുള്ളിൽ ഈ ആശുപത്രികൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ